# മതസംവാദങ്ങൾ കൊണ്ട് എന്തു പ്രയോജനം?

■ *“ഫലസ്ത്വീനിലെ ജനതയോട് ജൂതന്മാർ ചെയ്യുന്ന അതിക്രമങ്ങളേക്കാൾ വലിയ എന്തു അക്രമമാണ് ലോകത്തുള്ളത്. ഭൂമിയുടെ നാനാദിക്കുകളിൽനിന്ന് ഫലസ്ത്വീൻ പ്രദേശത്തേക്ക് കുടിയേറിയ ജൂതന്മാർ ആ മണ്ണിന്റെ മക്കളെ പുറത്താക്കി ലോകം മുഴുവൻ തെണ്ടാൻ അവരെ വിട്ടു. അവിടത്തെ പെണ്ണുങ്ങളുടെ വയർ കുത്തിക്കീറി തലമുറകളെ നശിപ്പിച്ചു. ഇതെല്ലാം ഇന്നും തുടർന്നുകൊണ്ടിരിക്കുമ്പോൾ അവരുമായി കൂടിയിരുന്ന് നാം എന്താണ് സംവദിക്കേണ്ടത്........ ഈ മതസംവാദങ്ങൾ കൊണ്ട് മുസ്‌ലിം സമൂഹത്തിന് എന്തു പ്രയോജനമാണ് കിട്ടിയിട്ടുള്ളത്?................. സംവാദങ്ങൾ അതിന്റെ മുറക്ക് നടക്കുന്നു! ഫലസ്ത്വീനിലെ കശാപ്പും അതിന്റെ മുറക്ക് നടക്കുന്നു. ഉറങ്ങിക്കിടക്കുന്ന മുസ്‌ലിം സമൂഹം ഉണരാതിരിക്കാൻ എമ്പാടും താരാട്ടുപാടാൻ ഏർപ്പാട് ചെയ്ത് അവർ പണി തുടരുകയാണ്. ബോധം തിരിച്ചുകിട്ടി ഉണർന്നു നോക്കുമ്പോൾ നാം കാണുക ബൈത്തുൽ മുഖദ്ദസ് ജൂതന്മാർ കൈയടക്കിയതാവും. പിന്നീടവർ പുണ്യദേവാലയം ജൂതർക്കും മുസ്‌ലിംകൾക്കുമിടയിൽ വീതംവെക്കാൻ ഔദാര്യം കാണിക്കും; ഹറം ഇബ്റാഹീമിന്റെ കാര്യത്തിൽ മുമ്പ് സംഭവിച്ചതുപോലെ.............. ‘വേദക്കാരോട് ഏറ്റവും നല്ല മാർഗങ്ങളിൽ നിങ്ങൾ സംവദിക്കുക; എന്നാൽ അവരിലെ അക്രമികൾക്കിതു ബാധകമല്ല’ എന്ന വ്യക്തമായ നിർദേശം ഖുർആൻ നൽകുന്നുണ്ട്.”*

*ഡോ. യൂസുഫുൽ ഖറദാവി ഒക്ടോബർ 30ന് ദോഹയിലെ ഉമർ ബിൻ ഖത്വാബ് പള്ളിയിൽ നടത്തിയ ജുമുഅ പ്രസംഗത്തിന്റെ സംക്ഷിപ്ത രൂപം (തേജസ് ദിനപത്രം 2009 നവംബർ 12). മുജീബിന്റെ പ്രതികരണം?*

***ഹാറൂൺ തങ്ങൾ***
***കിളികൊല്ലൂർ, കൊല്ലം***

**അ**ന്താരാഷ്ട്ര തലത്തിൽ മത സംവാദങ്ങൾക്ക് തുടക്കമിടുകയും നേതൃത്വം നൽകുകയും ചെയ്ത ശ്രേഷ്ഠ പണ്ഡിതനാണ് ഡോ. യൂസുഫുൽ ഖറദാവി. താത്ത്വികമായി തന്റെ നിലപാടിൽനിന്ന് അദ്ദേഹം ഇപ്പോഴും പിന്മാറിയതായി തോന്നുന്നില്ല. എന്നാൽ മതസംവാദങ്ങൾ വെറും വഴിപാടും സ്പോൺസേർഡും ആയിത്തീരുകയും അതിൽ പങ്കെടുക്കുന്ന വിവിധ മതങ്ങളുടെ പ്രതിനിധികളുടെ ആത്മാർഥത സംശ

യാസ്പദമാവുകയും ചെയ്തതാവണം ഖറദാവിയെ പ്രകോപിപ്പിച്ചത്. വിശിഷ്യാ ഇസ്രയേൽ അധിനിവിഷ്ട മേഖലയിൽ ക്രൂരമായ മനുഷ്യാവകാശ ലംഘനം തുടരുകയും ഫലസ്ത്വീൻ ജനതയുടെ ജീവിക്കാനുള്ള അവകാശം പോലും നിഷേധിക്കുകയും ചെയ്യുമ്പോൾ ജൂതമത പുരോഹിതരോട് ഒപ്പമിരുന്ന് സംവാദം നടത്തുന്നതിലെ വൈരുധ്യം ആരിലും രോഷമാണുളവാക്കുക. സയണിസ്റ്റ് ക്രൂരതകളെ തുറന്നപലപിക്കാത്തേടത്തോളംകാലം ക്രൈസ്തവ സഭാ മേധാവികളുടെ ആത്മാർഥതയും ചോദ്യം ചെയ്യപ്പെടാം.

എന്നാൽ ബഹുസ്വരത ഒരനിഷേധ്യ യാഥാർഥ്യമായിരിക്കെ ഭിന്ന മതങ്ങൾക്കിടയിലെ ആശയ സംവാദം വിശുദ്ധ ഖുർആന്റെ തന്നെ വെളിച്ചത്തിൽ അനുപേക്ഷ്യമായ പ്രബോധന രീതിയാണ്. ആശയ വിനിമയങ്ങളുടെ വാതിലടച്ചുകൊണ്ട് ആരെയും ഒന്നും ബോധ്യപ്പെടുത്താനാവില്ല. ഇക്കാര്യം ഖറദാവിയെപ്പോലുള്ള ഒരു പ്രതിഭാധനൻ നിരാകരിക്കുന്ന പ്രശ്നവുമില്ല. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പക്ഷത്ത് നിലയുറപ്പിച്ച അറബ് ഭരണാധികാരികളുടെ കാപട്യത്തോട് അദ്ദേഹം പ്രകടിപ്പിച്ച ധർമരോഷത്തെ തെറ്റിദ്ധരിക്കേണ്ട കാര്യമില്ല.

## സംഘ്പരിവാറിന്റെ 'ലൗ ജിഹാദ്'

■ *"ലൗ ജിഹാദുമായി ബന്ധപ്പെട്ട് മുസ്‌ലിം സംഘടനാ നേതാക്കൾ പുറപ്പെടുവിച്ച പ്രസ്താവന കുറ്റവാളികളെ വെള്ളപൂശുന്നതാണെന്ന് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് പി.കെ കൃഷ്ണദാസ്. ലൗ ജിഹാദിനു പിന്നിൽ പ്രവർത്തിക്കുന്നവരാണ് സമൂഹത്തിൽ സ്പർധ വളർത്തുന്നത്. ഇരകളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനു പകരം വെല്ലുവിളി നടത്തുകയാണ് മുസ്‌ലിം നേതാക്കളെന്ന് ആലുവ പ്രസ് ക്ലബ്ബിന്റെ മുഖാമുഖം പരിപാടിയിൽ പങ്കെടുത്തുകൊണ്ട് കൃഷ്ണദാസ് പറഞ്ഞു"* (മാധ്യമം *ഒക്ടോബർ 31, 2009). മുജീബിന്റെ പ്രതികരണം?*

***പി.വി.സി മുഹമ്മദ് പൊന്നാനി***

**'ലൗ** ജിഹാദ്' എന്ന ഒന്നില്ലെന്ന് കേരള പോലീസും ബി.ജെ.പി ഭരിക്കുന്ന കർണാടകയിലെ പോലീസും കോടതികളിൽ ബോധിപ്പിച്ചുകഴിഞ്ഞു. ഇല്ലാത്ത ഒന്നിന്റെ പേരിൽ കുറ്റവാളികളും ഉണ്ടാവില്ല. ഇല്ലാത്ത കുറ്റവാളികളെ വെള്ള പൂശാനുമാവില്ല. സംഘ്പരിവാർ കേന്ദ്രങ്ങളാണ് ലൗ ജിഹാദ് കണ്ടെത്തിയത്. അതിനാൽ അതെവിടെ ആര് കൊണ്ടുനടക്കുന്നു എന്നും, ഇരകൾ ആരെന്നും വസ്തുനിഷ്ഠമായി അവർ പുറത്തുകൊണ്ടുവരണം. ഊഹാപോഹങ്ങളും വ്യാജ പ്രചാരണങ്ങളും തെളിവുകളാവില്ല. താനൂർ കടപ്പുറത്ത് പലതവണ പാകിസ്താൻ കപ്പൽ കണ്ടവരാണല്ലോ ആർ.എസ്.എസ്സുകാർ. മാലേഗാവിലെയും ഗോവയിലെയും സ്ഫോടനങ്ങൾക്ക് പിന്നിൽ ആരായിരുന്നു എന്നും രാജ്യം മനസ്സിലാക്കി.

ഇന്ത്യ ശക്തവും സുരക്ഷിതവും വികസിതവുമാവാനാണ് യഥാർഥത്തിൽ 'ഭാരതമാതാവിന്റെ മക്കൾ' എന്ന് അവകാശപ്പെടുന്നവർ ആഗ്രഹിക്കുന്നതെങ്കിൽ ആരെയും അകാരണമായി സംശയിക്കാതെയും ആരുടെ നേരെയും നിഴൽയുദ്ധം നടത്താതെയും എല്ലാവരെയും ഒരുമിച്ചു കൊണ്ടുവരാനുള്ള തന്ത്രം അവർ ആവിഷ്കരിച്ചേ മതിയാവൂ. അല്ലാത്തപക്ഷം അനിവാര്യമായ തകർച്ചയിൽനിന്നവരെ രക്ഷിക്കാൻ ഒരു 'ലൗ ജിഹാദി'നും സാധിക്കില്ല.

## പർദയോടുള്ള കലി

■ *'ഇന്ന് പ്രചാരം നേടിക്കൊണ്ടിരിക്കുന്ന പർദ സ്ത്രീത്വത്തെ കുഴിച്ചുമൂടുന്ന ഒരാവ*

*രണമാണ്. ഒളിച്ചുവെക്കേണ്ട ശരീരം മാത്രമാണ് സ്ത്രീ എന്ന ഹീനമായ നിലപാടിൽനിന്നാണ് ആ വേഷം പുറപ്പെട്ടുവരുന്നത്. തീർത്തും അനിസ്ലാമികമാണത്. പാർസികളുടെ ഗോത്രാചാരങ്ങളിൽനിന്ന് പകർന്നുകിട്ടിയ വേഷം. 'തിരശ്ശീല' എന്നർഥമുള്ള പർദ എന്ന വാക്ക് അറബിയല്ല, പാർസിയാണ്. അറബിയിൽ 'പ' എന്ന അക്ഷരം തന്നെയില്ല... പർദ ഇന്ന് മതത്തിന്റെ എന്നതിലധികം മതരാഷ്ട്രീയത്തിന്റെ ചിഹ്നമാണ്. സാംസ്കാരിക വ്യക്തിത്വം ഉറപ്പിക്കാൻ വേണ്ടത് സ്ത്രീത്വത്തെ ആവുന്നത്ര പിന്നോട്ട് തള്ളുകയാണ് എന്ന് തോന്നുന്നത് എന്തുകൊണ്ടാണ്? മുസ്ലിംകളുടെ ഏറ്റവും യാഥാസ്ഥിതികമായ കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ പോലും മുഖവും മുൻകൈയും ഒഴിച്ചുള്ള ശരീരഭാഗങ്ങൾ മറച്ചുവെക്കണം എന്നു മാത്രമേ കൽപിക്കുന്നുള്ളൂ. പർദയോടുള്ള എതിർപ്പ് മതത്തോടുള്ള എതിർപ്പല്ല. സ്ത്രീവിരുദ്ധതയോടുള്ള എതിർപ്പാണ്. മുസ്ലിം സ്ത്രീ പർദ ധരിക്കാനുള്ള അവകാശത്തിനു വേണ്ടിയല്ല, അക്ഷരം പഠിക്കാനും അവർക്ക് കിട്ടേണ്ട പൗരാവകാശത്തിനും വേണ്ടിയാണ് സംഘടിക്കേണ്ടത്.' എം.എൻ കാരശ്ശേരിയുടെ ഇത്തരം വാദങ്ങളോട് മുജീബ് എങ്ങനെ പ്രതികരിക്കുന്നു?*

***നുഹാ ബിൻത് കവ്വായി പയ്യന്നൂർ***

**പ**ദം പേർഷ്യനായതുകൊണ്ട് നിഷിദ്ധവും അനിസ്ലാമികവും ആകുമെങ്കിൽ ഒന്നാമതായി നിരോധിക്കപ്പെടേണ്ടത് 'ബാങ്ക്' ആണ്. നാദം, ധ്വനി എന്നീ അർഥങ്ങളുള്ള 'ബാങ്ക്' വിളിയാണ്, അറബിയിലെ 'അദാൻ' അല്ല മുസ്ലിം പള്ളികളിൽനിന്ന് അഞ്ചുനേരവും മുഴങ്ങുന്നത്. ഹിജാബ് എന്ന അറബിപദത്തിന്റെ പേർഷ്യൻ മൊഴിമാറ്റമാണ് പർദ. പർദ എന്ന പദം ഉപയോഗിച്ചതുകൊണ്ടല്ല പല യൂറോപ്യൻ നാടുകളിലും അമേരിക്കയിലും മുസ്ലിം സ്ത്രീകളുടെ ഇസ്ലാമിക വേഷം കടന്നാക്രമണത്തെ നേരിടുന്നത്. അവിടങ്ങളിലൊക്കെ ഖുർആൻ പ്രയോഗിച്ച 'ഹിജാബ്' തന്നെയാണ് പ്രതിക്കൂട്ടിൽ. സ്ത്രീ പുറത്തിറങ്ങി നടക്കുമ്പോൾ ഹിജാബ് ധരിച്ചിരിക്കണമെന്നത് ഇസ്ലാമിന്റെ ശാസനയാണ്. അതുകൊണ്ട് ഒരു സ്ത്രീയും പഠിക്കാതാവുകയോ തൊഴിൽരഹിതയാവുകയോ പൊതുപ്രവർത്തനത്തിൽനിന്ന് മാറിനിൽക്കുകയോ വേണ്ടിവരുന്നില്ല.

എന്നാൽ മുഖം കൂടി മൂടുന്ന 'നിഖാബ്' ഹിജാബിന്റെ അനുപേക്ഷ്യതയാണോ? പ്രമുഖ സ്വഹാബിവര്യന്മാരടക്കം യോഗ്യരായ നിരവധി പണ്ഡിതന്മാർ സ്ത്രീയുടെ മുഖവും മുൻകൈയും തുറന്നിടാമെന്ന് വിധി നൽകിയിരിക്കെ ഇക്കാര്യത്തിൽ കടുംപിടുത്തം അനാവശ്യമാണ്. എതിർപ്പുകളെ അകാരണമായി വിലക്കെടുക്കേണ്ട കാര്യമില്ല.

## ഓണാഘോഷം

■ *ഒരു ഹിന്ദു മതാഘോഷത്തെ അഹിന്ദുക്കളുടെ മേൽ ദേശീയതയുടെ പേരിൽ അടിച്ചേൽപിച്ച് അവരെ ഹൈന്ദവവത്കരിക്കാൻ നടത്തിയ ശ്രമം ആണ് കേരളത്തിൽ സവർണ ഹിന്ദു മത സംസ്കാരത്തിന്റെ മേൽക്കോയ്മ നിലനിർത്താൻ സഹായിക്കുന്ന ഏറ്റവും പ്രധാന ആഘോഷമായ ഓണം എന്ന് ബാലചന്ദ്രൻ ചുള്ളിക്കാട് (മാധ്യമം 24.10.2009).*

*കേരളത്തിൽ ജമാഅത്തെ ഇസ്ലാമിയുടെ പല ഘടകങ്ങളും ഓണത്തിന് സദ്യയും മറ്റു പരിപാടികളും നടത്താറുള്ളതായി വായിക്കാറുണ്ട്. സവർണ ഹിന്ദുത്വത്തിന്റെ മേൽക്കോയ്മ നിലനിർത്താൻ ഉപകരിക്കുന്ന ഈ ആഘോഷങ്ങൾ നടത്തുന്നതും അതിൽ ഭാഗഭാക്കാവുന്നതും ഇസ്ലാമിക ദൃഷ്ട്യാ അനഭിലഷണീയമല്ലേ?*

***അബൂ ഉമൈർ യാമ്പൂ, സുഊദി അറേബ്യ***

**പാ**താളത്തിലേക്ക് ചവിട്ടിത്താഴ്ത്തപ്പെട്ട അവർണ ചക്രവർത്തി മഹാബലി ആണ്ടിലൊരിക്കൽ പ്രജകളെ കാണാൻ പുനരാഗമിക്കുമ്പോൾ അദ്ദേഹത്തെ വരവേൽക്കാനുള്ള ആഘോഷമാണ് ഓണം എന്നാണ് ഐതിഹ്യം. അവർണനെ വരവേൽക്കുന്നതെങ്ങനെ സവർണാഘോഷമാവും എന്ന ചോദ്യമുണ്ട്. ചരിത്രകാരന്മാരുടെ നിഗമന പ്രകാരം, കാർഷിക കേരളത്തിന്റെ കൊയ്ത്തുൽസവമാണ് ഓണം. ആ നിലയിലാണത് ദേശീയോൽസവമാവുന്നത്. അത് പക്ഷേ ആരുടെ മേലും അടിച്ചേൽപിക്കപ്പെടേണ്ടതല്ല. സ്വമേധയാ ആഘോഷിക്കാനും ആഘോഷിക്കാതിരിക്കാനും എല്ലാവർക്കും സ്വാതന്ത്ര്യം ഉണ്ട്, ഉണ്ടാവണം. കേരളത്തിലെ 56 ശതമാനം വരുന്ന ഹിന്ദുക്കൾ പൊതുവെ ഓണം ആഘോഷിക്കുന്നു. ബഹുസ്വര സമൂഹത്തിലെ മുസ്‌ലിംകൾ സഹോദര സമുദായങ്ങളുടെ സുഖ ദുഃഖങ്ങളിൽ പങ്കാളികളാവുന്നത് ചീത്ത കാര്യമായി എണ്ണാനാവില്ല. അനിസ്‌ലാമികാരാധനകളിൽ പങ്കെടുക്കരുതെന്ന നിഷ്കർഷയേ ആവശ്യമുള്ളൂ. ഓണം ഒരാരാധനയല്ല, അതിന് അത്തരം മാനങ്ങളുമില്ല.

## വിതണ്ഡവാദം

■ *സകാത്ത് കൊടുക്കാൻ വേണ്ടിയും ഹജ്ജ് ചെയ്യാൻ വേണ്ടിയും ആരും പണം ഉണ്ടാക്കേണ്ടതില്ല. അല്ലാഹു സമ്പത്ത് നൽകുമ്പോൾ അത്തരം കാര്യങ്ങൾ നിർവഹിച്ചാൽ മതി. എന്നതുപോലെത്തന്നെ അല്ലാഹു അധികാരം നൽകുമ്പോൾ ഇസ്‌ലാമിക ശരീഅത്ത് നടപ്പിലാക്കിയാൽ മതി. അധികാരത്തിനുവേണ്ടി പണിയെടുക്കേണ്ടതില്ല. ജുമുഅ ഖുത്വ്ബയിലൂടെ കേട്ട ഒരു സലഫി വീക്ഷണമാണിത്. മുജീബിന്റെ പ്രതികരണം?*

***അബൂ മുഹ്സിന തൃപ്പനച്ചി***

**ജ**മാഅത്ത് വിരോധം തലക്ക് പിടിച്ച ചില സലഫി പണ്ഡിതന്മാർ മുമ്പേ ആവർത്തിക്കാറുള്ളതാണ് ഈ വിതണ്ഡവാദം. മനുഷ്യൻ ഭൂമിയിൽ ജീവിക്കണമെങ്കിൽ ഉപജീവനം തേടണമെന്നതും വെറുതെയിരുന്നാൽ ആഹാരം ലഭിക്കില്ലെന്നതും ദൈവനിശ്ചയവും കൽപനയുമാണ്. അധ്വാനിക്കുമ്പോൾ സമ്പത്ത് കൈവരും. കൈവന്നാൽ സകാത്ത് കൊടുക്കണം, ഹജ്ജും ചെയ്യണം. അതുപോലെ മുസ്‌ലിമായി ജീവിക്കുന്നവൻ ഇസ്‌ലാമിനെ വ്യക്തിജീവിതത്തിൽ നടപ്പാക്കണം, സമൂഹത്തെ അതിലേക്ക് ക്ഷണിക്കുകയും വേണം, നന്മ കൽപിക്കണം, തിന്മ തടയണം. അപ്പണിയഥാവിധി ചെയ്യുമ്പോൾ സ്വാഭാവികമായും സമൂഹത്തിൽ പരിവർത്തനമുണ്ടാവും. പരിവർത്തനം രാഷ്ട്രീയമടക്കം എല്ലാ മേഖലകളെയും ബാധിക്കും. അങ്ങനെയാണ് ഇസ്‌ലാമിന് അധികാരവും കൈവരുന്നത്. പണിയെടുക്കാതെ പ്രവാചകൻ(സ) ഭരണകൂടം സ്ഥാപിച്ചിട്ടില്ല. അനിസ്‌ലാമിക പ്രസ്ഥാനങ്ങളിൽ ചേർന്നു പ്രവർത്തിച്ചാൽ ഇസ്‌ലാമിന് അധികാരം അവാർഡായി കിട്ടുമെന്ന് പഠിപ്പിച്ചിട്ടുമില്ല.

## വേദക്കാരുമായുള്ള വിവാഹം

■ *“വേദക്കാരായ സ്ത്രീകളെ വിവാഹം കഴിക്കുന്നത് അനുവദനീയമാക്കിക്കൊണ്ടുള്ള ഖുർആനിലെ അഞ്ചാം അധ്യായം അഞ്ചാം സൂക്തം ജനസംഖ്യാ വർധനവിന് വേണ്ടിയുള്ള ഖുർആന്റെ ആഹ്വാനമാണ്. അന്ന് മുസ്‌ലിംകൾ ന്യൂനപക്ഷമായിരുന്നതിനാലാണിത്. എന്നാൽ അവർക്ക് ജനിക്കുന്ന കുട്ടി മുസ്‌ലിമാകൽ നിർബന്ധവുമാണ്. ഇതിനു പിന്നിലെ ‘ജനസംഖ്യാ വിപുലനത്തിന്റെ രാഷ്ട്രീയം’ അന്വേഷണ പ്രസ*

*ക്തമാണ്."*

*എസ്.എഫ്.ഐ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് 2009 നവംബർ 5-ന് കോഴിക്കോട് ലോ കോളേജിൽ നടന്ന 'പ്രണയം പ്രത്യയശാസ്ത്രം' എന്ന സംവാദത്തിൽ ഹമീദ് ചേന്ദമംഗല്ലൂർ നടത്തിയ പ്രസംഗത്തിൽനിന്ന്. മുജീബിന്റെ പ്രതികരണം?*

***ഷെബീൻ പെരിമ്പലം***

**മ**ക്കളെ ഉൽപാദിപ്പിക്കാൻ മുസ്‌ലിം സ്ത്രീകൾ ധാരാളമാണ്, അതിനു വേദക്കാർ വേണമെന്നില്ല. ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്ന മുസ്‌ലിം പുരുഷന്മാർക്ക് ഖുർആൻ അനുവദിച്ച ഇളവാണ് വേദക്കാരുടെ പെൺമക്കളെ നിയമപരമായി വിവാഹം ചെയ്യൽ. എന്നാൽ ഇക്കാര്യത്തിൽ ബലപ്രയോഗം പാടില്ല, നിർബന്ധ മതപരിവർത്തനവും തെറ്റാണ്. മക്കൾ പിതാക്കളിലേക്ക് ചേർക്കപ്പെടുക ഇസ്‌ലാമിലെ മാത്രം നിയമമല്ല, ഇന്ത്യൻ പൗരത്വനിയമമടക്കം അപ്രകാരമാണ്. അതിനാൽ മുസ്‌ലിം പിതാക്കളുടെ മക്കൾ മുസ്‌ലിമാവുന്നത് നിർബന്ധത്തിന്റെ പ്രശ്നമല്ല. ഭാര്യമാർ അന്യമതസ്ഥരായാലും ഹിന്ദുവിന്റെ മക്കൾ ഹിന്ദുക്കളായും ക്രൈസ്തവരുടെ മക്കൾ ക്രൈസ്തവരായും തന്നെയല്ലേ അറിയപ്പെടുന്നത്? എന്നല്ല, മുസ്‌ലിം ഭർത്താക്കന്മാർക്ക് ഹിന്ദു സ്ത്രീകളിലുണ്ടായ മക്കൾ ഹിന്ദുക്കളായിത്തീരുന്ന സംഭവങ്ങളും ഉണ്ട്. ഇതിലൂടെയൊന്നും ഒരു 'ലൗ ജിഹാദും' സ്ഥാപിക്കപ്പെടുകയില്ല.

## ആവർത്തനവിരസമായ ആരോപണം

■ *"ഈ നാട്ടിലെ ഭരണകൂടം ഇസ്‌ലാമികമായിരിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയോ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുക വഴി ഭരണം ഇസ്‌ലാമാക്കി മാറ്റാൻ കഴിയുമെന്ന് തോന്നുകയോ ചെയ്യാത്ത കാലത്തോളം ഞങ്ങൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയില്ല എന്ന് 1952 ജനുവരി ഒന്നിന്റെ പ്രബോധനത്തിൽ കട്ടായം പറഞ്ഞ ജമാഅത്തുകാർ 1977 മുതൽ തെരഞ്ഞെടുപ്പിൽ പങ്കെടുത്ത് വോട്ട് ചെയ്യാൻ തുടങ്ങി. 1980 കൾക്ക് ശേഷം അനിസ്‌ലാമിക ജാഹിലിയ്യ, താഗൂത്തി വ്യവസ്ഥകൾക്ക് വോട്ട് പതിച്ചുനൽകി തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ മുങ്ങിക്കുളിക്കാനും തുടങ്ങി. അടുത്തുതന്നെ സ്വയം ഒരു രാഷ്ട്രീയ പാർട്ടിയായി ജമാഅത്ത് രൂപപരിണാമം പ്രാപിക്കാൻ തയാറായി നിൽക്കുകയും ചെയ്യുന്നു" (ശംസുദ്ദീൻ പാലക്കോട്, ശബാബ് 2009 ഒക്ടോബർ 30). മുജീബ് എന്തു പറയുന്നു?*

***അബൂ ഹിശാം ശാന്തപുരം***

**1**952ൽ അല്ല, 1980ലും തുടർന്നുള്ള വർഷങ്ങളിലും ദേശീയ സാഹചര്യങ്ങൾ മാറുന്നു, കാലത്തോടൊപ്പം ചലിക്കുന്ന പ്രസ്ഥാനമെന്ന നിലയിൽ ജമാഅത്തെ ഇസ്‌ലാമിയുടെ നയനിലപാടുകളും മാറുന്നു. നിശ്ചലവും നിഷ്ക്രിയവുമായിരിക്കാൻ ഒരു പ്രസ്ഥാനം ആവശ്യമില്ല. രാഷ്ട്രീയത്തിൽ അഭിപ്രായമേ ഇല്ലാതിരുന്ന സലഫി സംഘടനകൾ ഇപ്പോൾ രാഷ്ട്രീയ കാര്യങ്ങളിൽ നിരന്തരം പ്രതികരിക്കാൻ തുടങ്ങിയില്ലേ? ജമാഅത്തെ ഇസ്‌ലാമിക്ക് വിഷയമാവുന്നതൊക്കെ ഇപ്പോൾ അവർക്കും വിഷയമല്ലേ?

രാജ്യത്ത് ജനാധിപത്യം ഫാഷിസ്റ്റ് ഭീഷണി നേരിട്ടപ്പോഴാണ് ജമാഅത്ത് തെരഞ്ഞെടുപ്പുകളിൽ ഇടപെടാൻ തുടങ്ങിയത്. ജനാധിപത്യം നിലനിന്നാലേ പ്രബോധന, സംസ്കരണ പ്രവർത്തനങ്ങൾ സുഗമമായി നടക്കൂ. ഈ പ്രവർത്തനങ്ങൾ സഫലമായാലേ ഭരണമാറ്റമടക്കം നടക്കൂ. അതിനാൽ 1952-ൽ പറഞ്ഞതും ഇപ്പോൾ പറയുന്നതും തമ്മിൽ അടിസ്ഥാനപരമായി ഒരു ഭിന്നതയും ഇല്ല. ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയ പാർട്ടിയായി രൂപാന്തരം പ്രാപിക്കാൻ പോവുന്നുമില്ല. ■